**Roll Number** | | | | | | | |

**Code No: 12**

# INDIAN SCHOOL, AL GHUBRA

## MOCK - II [2009-2010]

## CLASS: X – MALAYALAM (SECOND LANGUAGE)

## മലയാളം

Time allowed: 3 hrs — M.Marks: 100

*അനുവദിച്ച സമയം: 3 മണിക്കൂർ* — *ആകെ മാർക്ക്: 100*

*General Instructions:*

- Please check that this question paper contains 4 printed pages.
- Code number given on the right hand side of the question paper should be written on the title page of the answer-book by the candidate.
- Please check that this question paper contains 5 questions
- **Please write down the Serial Number of the question before attempting it.**

### എ വിഭാഗം

1. (a) പര്യായം എഴുതുക — 1
    ദ്രുമം
   (b) വിപരീതം എഴുതുക — 1
    (i) ബന്ധനം
    (ii) നാസ്തികൻ
   (c) നാനാർത്ഥം എഴുതുക — 1
    രഥം
   (d) അർത്ഥവ്യത്യാസം എഴുതുക — 1
    ഒളി – ഒലി
   (e) പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക — 4
    (i) മിഴിയും
    (ii) പ്രതാപത്തോടെ
    (iii) മനുഷ്യോചിതം
    (iv) കണ്ടെത്തി
   (f) വിഗ്രഹിച്ച് സമാസം നിർണ്ണയിക്കുക — 4
    (i) കവിപ്രതിഭ
    (ii) സുവർണ്ണകാലം
    (iii) വാദപ്രതിവാദം
    (iv) യഥോചിതം
   (g) പ്രയോഗം മാറ്റുക — 2
    (i) ആ വാദപ്രതിവാദം പെൺകുട്ടിയുടെ ശ്രദ്ധയെ ആകർഷിച്ചു.
    (ii) ബഷീർ ഒരു വമ്പിച്ച ജനവിഭാഗമായ മുസ്ലിം സമുദായത്തെ സാഹിത്യത്തിന് വിഷയമാക്കി.

(P.T.O)

(h) അർത്ഥവ്യത്യാസം വരാതെ വിധിവാക്യത്തെ നിഷേധവാക്യമാക്കി മാറ്റുക. 2

(i) അപൂർവമായ കവിപ്രതിഭയുടെ തിളക്കം കൃഷ്ണഗാഥയിൽ എല്ലായിടത്തും കാണാം.

(ii) മതങ്ങൾ സൂക്ഷ്മാന്വേഷണത്തെ സഹായിക്കുന്ന മാർഗദർശികൾ മാത്രമാണ്.

(i) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക 2

ധിഷണബുദ്ധിയോടു ബന്ധപ്പെട്ട ഒരാശയമുണ്ടാവുക, അതിനു രൂപം നൽകാൻവേണ്ടി ചില കഥാപാത്രങ്ങളെ കണ്ടുപിടിക്കുക, എന്നിട്ട് അവരെക്കൊണ്ടു പ്രവർത്തിച്ച് ഒരു 'ഡിസൈൻ' ഉണ്ടാക്കുക – ഈ പുതിയ നവീന സമ്പ്രദായത്തിൽ നിന്ന് അകന്ന്, ചലനംകൊണ്ട ഭാവനയ്ക്ക് അനുരൂപമായി കഥാപാത്രങ്ങളെ സൃഷ്ടിക്കുക എന്നതാണ് ബഷീറിന്റെ രീതി.

(j) അംഗവാക്യം അംഗിവാക്യം ഇവ വേർതിരിച്ചെഴുതുക 2

നിന്നോടു വെളിപ്പെടുത്താനാവാത്ത ഒരു ദേവരഹസ്യത്താൽ പ്രേരിതനായും ഞാൻ നിന്റെ മുമ്പിൽ വന്നു.

2. (a) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് മൂന്നു പുറത്തിൽ കവിയാതെ ഉപന്യസിക്കുക: 10

(i) മതസൗഹാർദ്ദത്തിന്റെ ആവശ്യകത

(ii) വിവരസാങ്കേതികവിദ്യ ആധുനികയുഗത്തിൽ

(iii) കായിക വിനോദങ്ങൾക്ക് വിദ്യാഭ്യാസത്തിലുള്ള സ്ഥാനം

(b) നിങ്ങളുടെ നാട്ടിലെ ഗതാഗതപ്രശ്നം പരിഹരിക്കണമെന്നാവശ്യപ്പെട്ട് ഗതാഗതവകുപ്പുമന്ത്രിക്ക് ഒരു കത്തു തയ്യാറക്കുക. 10

(c) താഴെ കൊടുത്തിട്ടുള്ള ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

കാലാവസ്ഥയെപ്പറ്റി കൃത്യമായും മുൻകൂട്ടിയും അറിയേണ്ടത് കൃഷി, വിമാനയാത്ര തുടങ്ങിയ പല കാര്യങ്ങൾക്കും അത്യന്തം ആവശ്യമാകുന്നു. കേരളത്തിലാണെങ്കിൽ, നാടകീയമായി രംഗപ്രവേശം ചെയ്യുന്ന കാലവർഷത്തെയും തുലാവർഷത്തെയും പറ്റി വ്യക്തമായ ധാരണയില്ലാതെ പരാജയത്തിന് പല സാധ്യതകളുമുള്ള നെൽകൃഷി ചെയ്യുന്നത് ആപത്കരം തന്നെയാണ്. മഴയെപ്പറ്റി ഒട്ടേറെ നാടോടി വിജ്ഞാനം (ഫോക്‌ലോർ) അനുഭവത്തിലൂടെ ഇന്ത്യൻ കർഷകർ സംഭരിച്ചിട്ടുണ്ട്. മഴ സംബന്ധിച്ച് 5,200 നാടോടി വിശ്വാസങ്ങൾ ഇന്ത്യയിലെ കാലാവസ്ഥാവിഭാഗം ശേഖരിച്ച് രേഖപ്പെടുത്തിയിട്ടുള്ളതായി എവിടെയോ വായിക്കുകയുണ്ടായി. ഈ നാടോടിവിശ്വാസങ്ങളിൽ ഏറ്റവും മുഖ്യം ഞാറ്റുവേലയെപ്പറ്റിയുള്ള സങ്കല്പനമാകുന്നു. അയനചലനങ്ങളിൽ സൂര്യൻ ഒരാണ്ടിൽ അശ്വതി മുതലായ ഇരുപത്തെട്ട് നക്ഷത്രങ്ങളിൽ ഓരോന്നിന്റെയും അടുത്ത് 14 ദിവസം നിൽക്കുമല്ലോ. അതായത് ഈ നക്ഷത്രങ്ങളും സൂര്യനും പതിനാലു ദിവസങ്ങളോളം ഒരുമിച്ച് ഉദിച്ച് അസ്തമിക്കുന്നതായി കാണപ്പെടുന്നു.

(P.T.O)

സൂര്യൻ ഓരോ നക്ഷത്രത്തിൻെറയും അടുത്തു നിൽക്കുന്ന കാലമാണ് ഞാറ്റുവേല (ഞായറ്റുവേല). കാർത്തിക ഞാറ്റുവേലയിലാണ് കേരളത്തിലേറ്റവുമധികം ചൂട് അനുഭവപ്പെടുന്നത്. രോഹിണി ഞാറ്റുവേലയിൽ ഇടവപ്പാതിയോടെ കേരളത്തിൽ ഒരു കാലവർഷം ആരംഭിക്കുന്നു. തിരുവാതിര ഞാറ്റുവേലയിൽ തിരിമുറിയാതെ മഴ പെയ്യുന്നു. പുണർതം ഞാറ്റുവേലയെ നാം പുണർതത്തടിയൻ എന്നു വിളിക്കുന്നു. ഞാറ്റുവേലയും മഴയുമായുള്ള ബന്ധത്തെ അടിസ്ഥാനപ്പെടുത്തി വിത്ത് കുതിർക്കാനും വിതയ്ക്കാനും ഞാറു നടാനും കൊയ്യാനും മറ്റുമുള്ള നല്ല ദിവസങ്ങൾ നാം നിർദ്ധാരണം ചെയ്തിരിക്കുന്നു.

(i) മഴയെപ്പറ്റിയുള്ള നാടോടിവിശ്വാസങ്ങളിൽ ഏറ്റവും മുഖ്യം ഏതാണ്? 2

(ii) ഞാറ്റുവേല എന്നാൽ എന്ത്? 2

(iii) കൃഷിയ്ക്കു പറ്റിയ നല്ല ദിനങ്ങൾ നാം നിർദ്ധാരണം ചെയ്യുന്നതെങ്ങനെ? 2

(iv) നെൽകൃഷി ചെയ്യുന്നത് ആപത്കരം തന്നെയാണെന്നു പറയാൻ കാരണമെന്ത്? 2

(v) ഈ ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം കൊടുക്കുക. 2

## ബി വിഭാഗം

3. (a) "ഈ രംഗം പൊതുവിലുള്ളതാണ്. താങ്കൾക്കെന്താണിതിൽ? ദുർബലന്മാരുടെ ആശ്വാസമായ ശകാരങ്ങളെക്കൊണ്ടെന്താണ്?" –

(i) ആര് ആരോടു പറയുന്നതാണിത്? 2

(ii) സന്ദർഭം വിശദമാക്കുക. 2

(b) (i) "അതിലെ നായകൻ ജീവിതത്തിലെ രണ്ടറ്റവും കണ്ട ആളാണ്". – ഏതിലെ നായകൻ? 1

(ii) വിപുലമായ ബാഹ്യലോകം പോലെ അഗാധമായ മാനസികലോകവും ചെറുശ്ശേരിക്ക് കരതലാമലകമാണെന്നു പറഞ്ഞിരിക്കുന്നത് എന്തുകൊണ്ട്? 3

(c) പപ്പു സ്റ്റേഷനിലേക്കു പോയപ്പോൾ തെരുവിലുള്ളവർ പറഞ്ഞതെന്തെല്ലാം? 4

(d) "ഞാൻ കണ്ണീർ തുടച്ചു ചിരിച്ചു. കണ്ണീരിൻെറ ചിരി. അന്നെനിക്കു വളരെ ദുർബലമായ മനസ്സായിരുന്നു. പക്ഷേ പുസ്തകം വായിക്കാനിടയായ എൻെറ സുഹൃത്തുക്കളും കണ്ണീർ തുടയ്ക്കുന്നത് ഞാൻ ശ്രദ്ധിച്ചു."

(i) ശ്രദ്ധിച്ചതാര്? ഏതു പുസ്തകമാണു വായിക്കാനിടയായത്? 2

(ii) ഈ പുസ്തകം വായിക്കാനിടയായപ്പോൾ അദ്ദേഹത്തെ ആകർഷിച്ച രംഗങ്ങൾ ഏതെല്ലാം? 2

(e) (i) മതങ്ങളെപ്പറ്റി ശ്രീനാരായണഗുരുവിൻെറ കാഴ്ചപ്പാട് എന്ത്? 3

(ii) "ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്." – ഈ സന്ദേശം ഏതു പദ്യത്തിൽ നിന്നെടുത്തിട്ടുള്ളതാണ്? 1

(P.T.O)

4. (a) "പ്രപഞ്ചമുകുരം നമ്മുടെ രൂപം പ്രതിബിംബിപ്പിപ്പൂ;
പ്രപഞ്ചകുഹരം നമ്മുടെ ശബ്ദം പ്രതിധ്വനിപ്പിപ്പൂ;
പ്രപഞ്ചമസ്മദ്വചനാമ്രേഡനപണ്ഡിതമാം കീരം;
പ്രപഞ്ചമസ്മദ്ഭാവവിഡംബനപാടവമാർന്ന നടൻ;"
– ആശയവും അലങ്കാരവും വ്യക്തമാക്കുക. 4

(b) അച്ഛനോടുള്ള കവിയുടെ കടപ്പാടെന്ത്? 4

(c) "വന്നുടൻ നേത്രോല്പല മാലയുമിട്ടാൾ മുന്നേ
പിന്നാലെ വരണാർഥ മാലയുമിട്ടീടിനാൾ."
– സന്ദർഭവും ആശയവും വിശദമാക്കുക. 4

(d) പുതുവഴി വെട്ടുന്നവരെ യഥാർത്ഥത്തിൽ സമൂഹം ആദരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നുണ്ടോ? 4

(e) "ഇന്നാ വീട്ടിലിരുന്നു ഞാനൊരു
ചെറുകഥ വായിച്ചു.
വായനയില്ലാതായില്ലെന്നതി–
ലെഴുതിയിരിക്കുന്നു.'"
– ഈ പ്രസ്താവനയെക്കുറിച്ച് നിങ്ങളുടെ അഭിപ്രായമെന്ത്? 4

5. കൗതുകകരമായ ഒരു ശാസ്ത്രകഥ എന്ന നിലയിൽ 'മൃതസഞ്ജീവനി' എന്ന ഗ്രന്ഥത്തിന്റെ സവിശേഷതകൾ എന്തെല്ലാമെന്നു വ്യക്തമാക്കുക.

*(അല്ലെങ്കിൽ)*

'മൃതസഞ്ജീവനി' എന്ന നാമം ആ കൃതിക്ക് എത്രമാത്രം അനുയോജ്യമാണെന്നു പരിശോധിക്കുക. 10

---

*Prepared by: Jitheesh, Dept. of Malayalam (HOD), Indian School, Al Ghubra. Sultanate of Oman. Ph.0968 95079490, e mail: jitheesh2003@yahoo.co.in*